**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **16-03-2022 - ൽ മറുപടിയ്ക്ക്**

**കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മേൽപ്പാലങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ലെവൽ ക്രോസ്സ് നമ്പർ- 23 (കോതനല്ലൂർ ഗേറ്റ് ) ൽ മേൽപ്പാലമാണ് കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | ഈ മേൽപ്പാലങ്ങൾക്ക് എന്തുമാത്രം സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; ഇവ നിർമ്മിക്കുവാൻ എത്ര തുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ; | (ബി) | ഏകദേശം 52.84 ആർ ഭൂമി ഏറ്റെടുക്കാൻ ആണ് ജില്ല കളക്ടർക്ക് അർത്ഥന സമർപ്പിച്ചിരിക്കുന്നത്. പദ്ധതിയുടെ നിർമ്മാണചിലവായി ഏകദേശം 20.23 കോടി രൂപയാണ് എസ്റ്റിമേറ്റ് തുകയായി കണക്കാക്കുന്നത്. |
| (സി) | ഈ പാലങ്ങൾക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിന്റെ സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | പദ്ധതിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിനു റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ പദ്ധതി മൂലം എത്ര കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്ന് വിശദമാക്കാമോ; ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | (ഡി) | ഒരു വീടിനോട് ചേർന്നുള്ള ഷെഡ്, കോമേഴ്ഷ്യൽ ബിൽഡിംഗിന്റെ ഭാഗമായ ഒരു ഷെഡ് എന്നിവ ഭാഗീകമായി ബാധിക്കുന്നുണ്ട്. ഈ പദ്ധതിക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഈ മേൽപ്പാലങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ സ്ഥലം എം.എൽ.എ മാരെയും മറ്റ് ജനപ്രതിനിധികളെയും അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | കെ.ആർ.ഡി.സി.എൽ 2018-19 -ൽ ഗ്രാമപ്പഞ്ചായത്തിന് കോൺസെപ്റ്റ് ഡ്രോയിംഗ് നൽകുകയും പിന്നീട് പ്രദേശത്തെ പഞ്ചായത്ത് അംഗങ്ങളുമായി ROB യുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ